"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് – നഗരകാര്യം – ജീവനക്കാര്യം – ചിറ്റൂർ തത്തമംഗലം നഗരസഭ – വിജിലൻസ് മിന്നൽ പരിശോധന – ടി നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീമതി.ബിനി കെ.യു. – വിനെതിരെ ആരംഭിച്ച അച്ചടക്ക നടപടി അവസാനിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഇ.യു.) വകുപ്പ്

സ.ഉ.(സാധാ) നം.1887/2019/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 02/09/2019

പരാമർശം:- 1 വിജിലൻസ് & ആന്റി-കറപ് ഷൻ ബ്യൂറോ ഡയറക്ടറുടെ 08.08.2017 തീയതിയിലെ ഇ 26 (ബി) (എസ്.സി. 14/17/പി.കെ.ഡി.) 18551/17/യു.എ.എസ്. നമ്പർ കത്ത്.

2 ചിറ്റൂർ തത്തമംഗലം നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീമതി.ബിനി കെ.യു. വിന് നൽകിയ 27.01.2018 തീയതിയിലെ തസ്വഭവ-ഇ.യു.1/401/2017 -ത.സ്വ.ഭ.വ. നമ്പർ കുറ്റപത്രം.

3 കുറ്റപത്രത്തിന് ശ്രീമതി.ബിനി കെ.യു. സമർപ്പിച്ച 11.04.2018 തീയതിയിലെ പ്രതിവാദ പത്രിക.

4 നഗരകാര്യ ഡയറക്ടറുടെ 14.11.2018 തീയതിയിലെ വി3-3455/2018 നമ്പർ കത്ത്.

ഉത്തരവ്

വിജിലൻസ് & ആൻറി കറപ് ഷൻ ബ്യൂറോ 04.03.17 തീയതിയിൽ ചിറ്റൂർ തത്തമംഗലം നഗരസഭയിൽ നടത്തിയ മിന്നൽ പരിശോധനയിൽ ചുവടെ ചേർക്കുന്ന അപാകതകൾ കണ്ടെത്തിയിരുന്നു.

i. ബസ് ബേ നിർമ്മാണത്തിനായി കണ്ടെത്തിയ സ്ഥലം തീരെ അനുയോജ്യമല്ലാത്തതും ഇടുങ്ങിയതുമാണ്.

ii. കമ്മ്യൂണിറ്റി ഹാളിൻറേയും ബസ് ബേയുടേയും പ്രവൃത്തി ആരംഭിക്കുന്നതിനു വേണ്ടിയുള്ള ഉത്തരവ് ഇല്ലാതെ തന്നെ പ്രവൃത്തികൾ ആരംഭിക്കുകയും വളരെവേഗം പുരോഗമിക്കുകയുമുണ്ടായി.

iii. അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി കച്ചേരിമേട് എന്ന സ്ഥലത്ത് നടപ്പിലാക്കിക്കൊണ്ടിരുന്ന പ്രവൃത്തി എസ്റ്റിമേറ്റ് വിഭാവനം ചെയ്തത് പ്രകാരമുള്ളതല്ല.

iv. എം.സി ആർ, അഹല്യ, മഞ്ഞളി ജ്വവല്ലേഴ്സ്, അക്ഷയ ഗോൾഡ് ജ്വവല്ലേഴ്സ് എന്നീ സ്ഥാപനങ്ങളുടേതായി സ്ഥാപിച്ചിട്ടുള്ള പരസ്യ ബോർഡുകളുടെ യഥാർത്ഥത്തിലുള്ള അളവുകൾ, പരസ്യ നികുതി കളക്ഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ള അളവുകളുമായി പൊരുത്തപ്പെടുന്നില്ല.

2. മേൽ പരാമർശിച്ച അപാകതകൾക്ക് ഉത്തരവാദിയായ നഗരസഭാ സെക്രട്ടറി ശ്രീമതി.ബിനി കെ.യു. വിന് പരാമർശം രണ്ട് പ്രകാരം കുറ്റപത്രം നൽകിയിരുന്നു.

3. ലോകബാങ്ക് നിയോഗിച്ച ഏജൻസിയായ എസ് .റ്റി..എം (STEM) ഫീസിബിലിറ്റി പഠനം നടത്തി തയ്യാറാക്കിയ പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ചിറ്റൂർ ബസ് ബേ നിർമ്മാണം എന്ന പ്രവൃത്തി നഗരസഭാ കൗൺസിൽ അംഗീകരിച്ചിട്ടുള്ളത്. ചിറ്റൂർ ബസ് ബേയുടെ നിർമ്മാണത്തിനു വേണ്ടി STEM തയ്യാറാക്കിയ ഡി.പി.ആർ-ൽ 81 മീറ്റർ നീളവും 6 മീറ്റർ വീതിയുമുള്ള ബസ് ബേയാണ് വിഭാവനം ചെയ്തിരുന്നത്. പ്രസ്തുത ബസ് ബേയിൽ നിലവിൽ 81 മീറ്റർ നീളവും 5.50 മീറ്റർ വീതിയും കാണുന്നുണ്ടെങ്കിലും പൊതുവായി പരാതി ഉയർന്ന സാഹചര്യത്തിൽ പ്രസ്തുത പ്രോജക്ട് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട കാര്യം സംബന്ധിച്ച് അഭിപ്രായത്തിനായി സ്റ്റിയറിംഗ് കമ്മിറ്റി മുമ്പാകെ സമർപ്പിക്കുന്നതിനും കൂടാതെ Need Assessment -ന് പങ്കെടുത്തവരെ ഒന്നു കൂടി വിളിച്ച് ചേർത്ത് വ്യക്തമായ അഭിപ്രായം ആരായുന്നതിനും 09.03.2017-ന് അടിയന്തര യോഗം വിളിക്കുന്നതിന് ചിറ്റൂർ തത്തമംഗലം നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീമതി കെ.യു ബിനി നടപടി സ്വീകരിച്ചതായി നഗരസഭാ ഫയലായ ഇ.1-10279/16 നമ്പർ ഫയൽ പരിശോധിച്ചതിൽ കാണുന്നുണ്ടെന്ന് പരാമർശം നാല് പ്രകാരം നഗരകാര്യ ഡയറക്ടർ റിപ്പോർട്ട് ചെയ്തു. കൂടാതെ ചിറ്റൂർ തത്തമംഗലം നഗരസഭയിലെ ആർ.2-7474/14 നമ്പർ ഫയൽ പരിശോധിച്ചതിൽ 24.05.2016-ലെ നഗരസഭാ സെക്രട്ടറിയുടെ ഉത്തരവ് പ്രകാരം പരസ്യനികുതി നഗരസഭ നേരിട്ട് പിരിക്കുന്നതിനു വേണ്ടി പരസ്യം വച്ചിട്ടുള്ള മുഴുവൻ കക്ഷികൾക്കും നോട്ടീസ് നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുള്ളതും കൂടാതെ നഗരസഭാ പരിധിക്ക് അകത്ത് നിലവിലുള്ള പരസ്യ ബോർഡുകളും ബാനറുകളും ചുമർ പരസ്യങ്ങളും അളവുകൾ ഉൾപ്പെടെ ശേഖരിക്കുന്നതിനായി റവന്യൂ ഇൻസ്പെക്ടർ, ഓവർസിയർ എന്നിവരെ ഉൾപ്പെടുത്തിക്കൊണ്ട് ഉത്തരവ് നൽകുകയും ആയതിന് ആനുപാതികമായി നികുതി ഈടാക്കിയിട്ടുള്ളതുമാണ്. നഗരകാര്യ ഡയറക്ടറുടെ 16.02.2018-ലെ വി.3-3455/18 നമ്പർ കത്തിൻറെ അടിസ്ഥാനത്തിൽ നഗരസഭാ പരിധിയിൽ അനധികൃതമായി സ്ഥാപിച്ചിട്ടുള്ള പരസ്യബോർഡുകൾ കണ്ടുപിടിച്ച് ആയതിനെതിരെ നടപടി സ്വീകരിക്കുകയും കൂടാതെ താഴെ പറയുന്ന

സ്ഥാപനങ്ങളിൽ നിന്നും പരസ്യ നികുതി ബാലൻസ് തുക പിരിച്ചെടുക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുള്ളതായും നഗരകാര്യ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

i. MCR അഡ്വർട്ടൈസ് -675/- രൂപ പ്രതിമാസം

ii. അഹല്യ ടോപ്പ് അഡ്വർട്ടൈസ്-1375/-രൂപ പ്രതിമാസം

iii. മഞ്ഞളി ജ്വല്ലേഴ്സ്-501/- രൂപ പ്രതിമാസം

iv. അക്ഷയ ഗോൾഡ് & ഡയമണ്ട്സ് - 300/- രൂപ പ്രതിമാസം.

4. അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതിയിലെ സബ്-ജയിലിന് സമീപമുള്ള കനാൽ നവീകരണം എന്ന പ്രവൃത്തി ആരംഭിച്ച് രണ്ടാം ദിവസമാണ് വിജിലൻസ് സ്ഥല പരിശോധന നടത്തിയിട്ടുള്ളത് എന്നും, പ്രവൃത്തിയുടെ പ്രാരംഭ ഘട്ടമായ സൈറ്റ് ക്ലിയറൻസ് മാത്രമാണ് വിജിലൻസ് പരിശോധന നടത്തിയ ദിവസം അവിടെ നടന്നിരുന്നത് എന്നും, എന്നാൽ പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് നഗരസഭാ ഫയൽ പരിശോധിച്ചതിൽ എസ്റ്റിമേറ്റ് പ്രകാരമുള്ള എല്ലാ പ്രവൃത്തിയും ചെയ്തിട്ടുള്ളതാണെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നഗരസഭാ പരിധിക്ക് അകത്ത് നിലവിലുള്ള പരസ്യ ബോർഡുകളും ബാനറുകളും ചുവർ പരസ്യങ്ങൾ എന്നിവയുടെ അളവുകൾ ഉൾപ്പെടെ ശേഖരിക്കുന്നതിനായി റവന്യൂ ഇൻസ്പെക്ടർ, ഓവർസിയർ എന്നിവരെ ഉൾപ്പെടുത്തിക്കൊണ്ട് നഗരസഭാ സെക്രട്ടറി ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുള്ളതാണ്. നഗരസഭാ പരിധിയിൽ അനധികൃതമായി സ്ഥാപിച്ചിട്ടുള്ള പരസ്യബോർഡുകൾ കണ്ടുപിടിച്ച് ആയതിനെതിരെ നടപടി സ്വീകരിക്കുകയും, കൂടാതെ MCR അഡ്വർടൈസ്, അഹല്യ ടോപ്പ് അഡ്വർടൈസ്, മഞ്ഞളി ജുവലേഴ്സ്, അക്ഷയ ഗോൾഡ് & ഡയമണ്ട്സ് എന്നീ സ്ഥാപനത്തിൽ നിന്നും പരസ്യ നികുതിയിലെ ബാലൻസ് തുക പിരിച്ചെടുക്കുന്നതിൻറെ ഭാഗമായി മേൽപറഞ്ഞ സ്ഥാപനങ്ങളുടെ പരസ്യബോർഡുകൾ അളന്ന് തിട്ടപ്പെടുത്തി നൽകുന്നതിന് പബ്ലിക് വർക്ക്സ് ഓവർസിയർക്ക് നിർദ്ദേശം നൽകുകയും ഓവർസിയറുടെ റിപ്പോർട്ടിൻറെ അടിസ്ഥാനത്തിൽ പരസ്യ നികുതി ഒടുക്കുന്നതിന് ബന്ധപ്പെട്ട കക്ഷികൾക്ക് നോട്ടീസ് നൽ കുകയും, പരസ്യ ഇനത്തിൽ കുടിശ്ശികയായി ലഭിക്കാനുണ്ടായിരുന്ന മുഴവൻ തുകയും നഗരസഭയ്ക്ക് ലഭിച്ചിട്ടുണ്ട് എന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

5. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. നഗരകാര്യ ഡയറക്ടറുടെ റിപ്പോർട്ടിന്റേയും, കുറ്റാരോപണ മെമ്മോയ്ക്ക് പരാമർശം മൂന്ന് പ്രകാരം ശ്രീമതി. ബിനി.കെ.യു. നല്കിയ മറുപടിയുടേയും അടിസ്ഥാനത്തിൽ ചിറ്റൂർ തത്തമംഗലം

നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീമതി. ബിനി.കെ.യു.വിനെതിരായി ആരംഭിച്ച അച്ചടക്ക നടപടി 1960-ലെ KCS (CC&A) Rules ചട്ടം 11(1)(i) പ്രകാരം താക്കീത് നൽകി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
JAISY PAUL
അണ്ടർ സെക്രട്ടറി

പകർപ്പ്:-
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), തൃശ്ശൂർ.
ഡയറക്ടർ, വിജിലൻസ് & ആന്റി-കറപ് ഷൻ ബ്യൂറോ , തിരുവനന്തപുരം.
സെക്രട്ടറി, ചിറ്റൂർ തത്തമംഗലം നഗരസഭ
ശ്രീമതി. ബിനി.കെ.യു., മുൻ സെക്രട്ടറി, ചിറ്റൂർ തത്തമംഗലം നഗരസഭ (നഗരകാര്യ ഡയറക്ടർ മുഖേന)
വിജിലൻസ് വകുപ്പ്.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ